"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീമതി. രമ്യ ആർ. ആർ, അസിസ്റ്റന്റിനെ കമ്മീഷനിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**52/2026/WCDD** തീയതി,തിരുവനന്തപുരം, **01-02-2026**

---

പരാമർശം:-

1. സ.ഉ(സാധാ)നം. **171/2022/WCDD**, തീയതി. **22/04/2022**
2. സ.ഉ(സാധാ)നം. **248/2023/WCDD**, തീയതി. **06/05/2023**
3. സ.ഉ(സാധാ)നം. **112/2024/WCDD**, തീയതി. **16/03/2024**
4. സ.ഉ(സാധാ)നം.**174/2025/WCDD**, തീയതി. **09/05/2025**
5. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. **A3/851/2022/KWC**, തീയതി. **01/01/2026**

**<u>ഉത്തരവ്</u>**

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ അസിസ്റ്റന്റ് ആയി സേവനമനുഷ്ഠിക്കവെ ശ്രീമതി. രമ്യ ആർ. ആർ-നെ പരാമർശം (1) പ്രകാരം കേരള വനിതാ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2), (3), (4) എന്നിവ പ്രകാരം ഓരോ വർഷം വീതം ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. കമ്മീഷനിലെ പ്രസ്തുത ഉദ്യോഗസ്ഥയുടെ അന്യത്രസേവന നിയമനത്തിന്റെ കാലാവധി **28/04/2026**-ന് അവസാനിക്കുകയാണ്. തനിയ്ക്ക് **04/04/2026** മുതൽ പ്രസവാവധിയിൽ പ്രവേശിക്കേണ്ടതിനാലും **01/04/2026**-ന് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതിനാലും **31/03/2026** അപരാഹ്നത്തിൽ കമ്മീഷനിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. രമ്യ ആർ. ആർ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് സർക്കാർ അനുമതിയ്ക്കായി പരാമർശം (5) പ്രകാരം കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. രമ്യ ആർ. ആർന്റെ അപേക്ഷയും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശയും പരിഗണിച്ച് ശ്രീമതി. രമ്യ ആർ. ആർ-ന്റെ അന്യത്രസേവനം **31/03/2026** അപരാഹ്നത്തിൽ അവസാനിപ്പിച്ച് പ്രസ്തുത ഉദ്യോഗസ്ഥയെ കേരള വനിതാ കമ്മീഷനിൽ നിന്നും മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്യുന്നതിനുള്ള. അനുമതി നൽകിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി, എറണാകുളം
ശ്രീമതി. രമ്യ ആർ. ആർ, അസിസ്റ്റന്റ് **(On deputation)**, കേരള വനിതാ കമ്മീഷൻ (മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
Date: 02-02-2026 11:27:52

സെക്ഷൻ ഓഫീസർ